## പതിനാലാം കേരള നിയമസഭ

### പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2727** **13.03.2020 -ൽ മറുപടിയ്ക്ക്**

### സ്കൂളുകളിലെ ഉച്ചഭക്ഷണത്തിന്റെ ഗുണനിലവാരനിർണ്ണയം

| ചോദ്യം | ഉത്തരം |
|---|---|
| **പ്രൊഫ.കെ.യു. അരുണൻ** | പ്രൊഫ : സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| എ) സർക്കാർ സ്കൂളുകളിൽ നടന്നുവരുന്ന ഉച്ചഭക്ഷണത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്താൻ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | എ) സ്കൂളുകളിൽ വിതരണം ചെയ്യുന്ന ഉച്ചഭക്ഷണത്തിന്റേയും കുടിവെള്ളത്തിന്റേയും സാമ്പിളുകൾ ശേഖരിച്ച് മൈക്രോ ബയോളജിക്കൽ പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്.ഉച്ചഭക്ഷണം വിതരണംചെയ്യുന്ന എല്ലാ സ്കൂളുകളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് പരിശോധിക്കുവാൻ NABL അക്രഡിറ്റേഷനുള്ളതും കേന്ദ്ര സർക്കാരിന്റെ സ്പോൺസർഷിപ്പോടുകൂടി പ്രവർത്തിക്കുന്നതുമായ ലബോറട്ടറിയുമായി ധാരണാപത്രം നിലവിലുണ്ട്. |
| ബി) സ്കൂളുകളിൽ വിതരണം ചെയ്യുന്ന പാൽ ഗുണമേന്മ ഉള്ളതാണോയെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ; | ബി) സ്കൂളുകളിൽ വിതരണം ചെയ്യുന്ന പാൽ പ്രാദേശിക ക്ഷീര സഹകരണ സംഘങ്ങളിൽ നിന്നോ മിൽമയിൽ നിന്നോ ആണ് വാങ്ങുന്നത്. അത്യാവശ്യം വേണ്ട ഗുണമേന്മ പരിശോധനകൾക്കുശേഷമാണ് പ്രാദേശിക ക്ഷീര കർഷകരിൽ നിന്നും സഹകരണസംഘങ്ങൾ പാൽ ശേഖരിക്കുന്നത്. |
| സി) ഇല്ലായെങ്കിൽ പ്രസ്തുത വിതരണങ്ങളുടെ നിലവാരം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | സി) പാലിന്റെ ഗുണമേന്മ ഉറപ്പുവരുത്തേണ്ട ചുമതല അതാത് സ്കൂൾ ഉച്ച ഭക്ഷണ കമ്മറ്റികൾക്കാണ്.പ്രാദേശിക ക്ഷീര സഹകരണ സംഘങ്ങളിൽ നിന്നും വാങ്ങുന്ന പാലിന്റെ ഗുണമേന്മ സംബന്ധിച്ച് നാളിതുവരെ പരാതികളൊന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ